(ബി) ഇവയുടെ അപ്ഗ്രേഡേഷന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ 2003-04 വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ ഏത്ര ;

(ഡി) അവ ഏതെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) 2003-2004 അദ്ധ്യയന വർഷത്തിൽ പാലക്കാട് ജില്ലയിൽ ഒരു സ്കൂളും, അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 2003-2004 വർഷത്തിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അഗളി ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-ലെ ഒ.ഇ.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംസം ഗ്രാന്റ് ലഭ്യമാക്കാൻ നടപടി

119 (3678) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്, അഗളി ജി.വി.എച്ച്.എസ്.എസ്.-ൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2002-03 അദ്ധ്യയന വർഷത്തിലെ ലംസം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഇതുവരെയും ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഗ്രാന്റ് എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ അധികൃതരിൽ നിന്നും ബിൽ ലഭിക്കാതിരുന്നത് കൊണ്ടാണ് ആനുകൂല്യം പാസ്സാക്കി അയയ്ക്കാതിരുന്നത്. 4 ഒ.ഇ.സി. വിദ്യാർത്ഥികളുടെ 2002-03 അദ്ധ്യയന വർഷത്തെ ആനുകൂല്യങ്ങൾ 25-9-2002-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2 വിദ്യാർത്ഥികളുടെ ബിൽ 4-7-2003-ന് പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും പാസ്സാക്കി നൽകിയിട്ടുണ്ട്. ബാക്കി 2 വിദ്യാർത്ഥികളുടെ ബിൽ പ്രിൻസിപ്പാൾ അയച്ചു തന്നിട്ടില്ല.

(സി) സ്കൂൾ അധികൃതരോട് ബില്ല് അയച്ചു തരാൻ നിർദ്ദേശിച്ചിട്ടുണ്ട്. അധികൃതരിൽ നിന്നും ബിൽ ലഭിച്ചാൽ ഉടൻ പാസ്സാക്കി അയയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly